**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4736** **29-10-2021 - ൽ മറുപടിയ്ക്ക്**

**പ്രണയ കൊലപാതകങ്ങൾക്കെതിരെ ബോധവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രണയ കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരെ ബോധവത്കരണം നടത്തുന്നതിനായി സമം പദ്ധതിയിൽ എന്തെങ്കിലും പ്രത്യേക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | എ) യും ബി) യും - സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ഫലപ്രദവും സർഗ്ഗാത്മകവുമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "സമം". ഒരു വർഷം നീണ്ടുനിൽക്കുന്ന "സമം" ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ക്ഷേമബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ്, SPC, സർവ്വകലാശാല യൂണിയൻ, ലൈബ്രറി കൗൺസിൽ എന്നീ യുവജന പ്രസ്ഥാനങ്ങൾ എന്നിവ കൂടി സജീവമായി പങ്കാളികളാകുന്നു. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്നവർ തുടങ്ങി എല്ലാവരും ഈ കാമ്പയിനിൽ പങ്കുചേരുന്നതാണ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനം, ജില്ലാ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ, വാർഡ്തല സമിതികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിക്കും. പ്രണയ കൊലപാതകങ്ങളും സ്ത്രീകൾക്ക് നേരേയുള്ള കുറ്റകൃത്യങ്ങളും ഇല്ലാതാക്കുന്നതിനായി പുതിയ ഒരു സാമൂഹ്യാവബോധം സൃഷ്ടിക്കുക എന്നത് സമം പദ്ധതിയുടെ അടിസ്ഥാന ആശയമാണ്. ഈ ആശയം പ്രചരിപ്പിക്കുന്നതിന് ആവശ്യമായ വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. 1) സ്ത്രീ പൂർണ്ണ വ്യക്തിത്വം ഉള്ളവളാണെന്നും അവളുടെ അധ്വാനവും ബൗദ്ധികതയും കൂടി ചേർന്നതാണ് ഈ സമൂഹമെന്നും വ്യക്തമാക്കുന്ന പരിപാടികൾ നടത്തുന്നതാണ്. 1001 പ്രഗത്ഭ വനിതകളെ ആദരിക്കുന്ന പരിപാടി അത്തരത്തിൽ ഒന്നാണ്. 2) നിയമാവബോധം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പരിപാടികൾ സംസ്ഥാനത്തെ ഓരോ വീടും ഒരോ |

| | | | |
|---|---|---|---|
| | | | യൂണിറ്റായി കണ്ടുകൊണ്ടാണ് സമം പദ്ധതിആസൂത്രണം ചെയ്തിരിക്കുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ പ്രണയ കൊലപാതകങ്ങൾ തടയുന്നതിനായി സമം പദ്ധതിയിൽ ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. 2022-23 സാമ്പത്തിക വർഷം യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വനിതാവികസന പദ്ധതികളുടെ ഭാഗമായി സ്ത്രീധനം, ഗാർഹിക പീഢനം, ലൈംഗികാതിക്രമങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ തടയുന്നതിനായി വനിതാശിശു വികസന വകുപ്പ് " കനൽ " കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലിംഗസമത്വബോധം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചു വരുന്നു. |
| (ബി) | അപ്രകാരം ഒരു ക്യാമ്പയിൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | എ)യും ബി) യും- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ഫലപ്രദവും സർഗ്ഗാത്മകവുമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "സമം". ഒരു വർഷം നീണ്ടുനിൽക്കുന്ന "സമം" ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ക്ഷേമബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ്, SPC, സർവ്വകലാശാല യൂണിയൻ, ലൈബ്രറി കൗൺസിൽ എന്നീ യുവജന പ്രസ്ഥാനങ്ങൾ എന്നിവ കൂടി സജീവമായി പങ്കാളികളാകുന്നു. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്നവർ തുടങ്ങി എല്ലാവരും ഈ കാമ്പയിനിൽ പങ്കുചേരുന്നതാണ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനം, ജില്ലാ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ, വാർഡ്തല സമിതികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിക്കും. പ്രണയ കൊലപാതകങ്ങളും സ്ത്രീകൾക്ക് നേരേയുള്ള കുറ്റകൃത്യങ്ങളും ഇല്ലാതാക്കുന്നതിനായി പുതിയ ഒരു സാമൂഹ്യാവബോധം സൃഷ്ടിക്കുക എന്നത് സമം |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ അടിസ്ഥാന ആശയമാണ്. ഈ ആശയം പ്രചരിപ്പിക്കുന്നതിന് ആവശ്യമായ വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. 1) സ്ത്രീ പൂർണ്ണ വ്യക്തിത്വം ഉള്ളവളാണെന്നും അവളുടെ അധ്വാനവും ബൗദ്ധികതയും കൂടി ചേർന്നതാണ് ഈ സമൂഹമെന്നും വ്യക്തമാക്കുന്ന പരിപാടികൾ നടത്തുന്നതാണ്. 1001 പ്രഗത്ഭ വനിതകളെ ആദരിക്കുന്ന പരിപാടി അത്തരത്തിൽ ഒന്നാണ്. 2) നിയമാവബോധം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പരിപാടികൾ സംസ്ഥാനത്തെ ഓരോ വീടും ഒരോ യൂണിറ്റായി കണ്ടുകൊണ്ടാണ് സമം പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ പ്രണയ കൊലപാതകങ്ങൾ തടയുന്നതിനായി സമം പദ്ധതിയിൽ ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. 2022-23 സാമ്പത്തിക വർഷം യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വനിതാവികസന പദ്ധതികളുടെ ഭാഗമായി സ്ത്രീധനം, ഗാർഹിക പീഢനം, ലൈംഗികാതിക്രമങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ തടയുന്നതിനായി വനിതാശിശു വികസന വകുപ്പ് " കനൽ " കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലിംഗസമത്വബോധം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ